# പതിമൂന്നാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6853 — 13.07.2012 ൽ മറുപടിക്ക്

## ചാലക്കുടി മണ്ഡലത്തിലെ ആശുപത്രികൾ

**ചോദ്യം**

ശ്രീ. ബി.ഡി. ദേവസ്സി

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട എലിഞ്ഞിപ്ര പി.എച്ച്.സി അപ്ഗ്രേഡ് ചെയ്ത് സി.എച്ച്.സി ആക്കിയെങ്കിലും, അതനുസരിച്ചുള്ള ഡോക്ടർമാരുടേയും, മറ്റു ജീവനക്കാരുടേയും എണ്ണം വർദ്ധിപ്പിക്കുകയോ, അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുകയോ ചെയ്തിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതിരപ്പിള്ളി, കോടശ്ശേരി, പരിയാരം അടക്കമുള്ള പഞ്ചായത്തുകളിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരടക്കമുള്ള രോഗികൾക്ക് "കിടത്തി ചികിത്സ" ഫലപ്രദമായി ലഭ്യമാക്കുന്നതിനായി എലിഞ്ഞിപ്ര സി.എച്ച്.സി യിൽ രാത്രിയിലും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറ പി.എച്ച്.സിയിൽ സ്ഥിരമായി ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

ശ്രീ. വി.എസ്. ശിവകുമാർ

(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ബി) പ്രസ്തുത പി.എച്ച്.സിയിൽ നിലവിൽ കിടത്തി ചികിത്സയും ഐ.പി രോഗികൾക്ക് ഓൺകോൾ ഡോക്ടറുടെ സേവനവും ലഭ്യമാണ്.

(സി) 2012 ജൂൺ 30 വരെ ജോലി ചെയ്തിരുന്ന ഡോക്ടർ ഉപരിപഠനത്തിന് പോയ സാഹചര്യത്തിൽ എലിഞ്ഞിപ്ര സി.എച്ച്.സിയിലെ ഡോക്ടർക്ക് ചാർജ്ജ് നൽകുകയും സി.ആർ.എസ്. ഡോക്ടറുടെ സേവനം ഉപയോഗപ്പെടുത്തി എല്ലാ ദിവസവും ഒ.പി നടത്തുകയും ചെയ്യുന്നുണ്ട്. നിലവിലുള്ള ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്ത് ഒഴിവ് നികത്തുവാൻ നടപടി സ്വീകരിച്ചു വരുകയാണ്.

B.V.Kumar

സെക്ഷൻ ഓഫീസർ